


# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 2026

## DON BOSCO HIGHER SECONDARY SCHOOL

IRINJALAKUDA – 680 121, THRISSUR – KERALA
PH: 0484 -2825414, 2825072, 9188135414
E-mail : donboscohssirinjalakuda@gmail.com
Website : www.donboscoijk.edu.in

# ഡോൺ ബോസ്കോ സ്കൂൾ, ഇരിഞ്ഞാലക്കുട

**ആമുഖം**

തൃശ്ശൂരിന്റെ സാംസ്കാരിക തലസ്ഥാനമായ ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഡോൺ ബോസ്കോ സ്കൂൾ വിജയത്തിന്റെ കോടുമുടിയാണ്, വജ്രജൂബിലി ആഘോഷിക്കുകയും ‘‘എല്ലാവർക്കും ഗുണനിലവാരവും പ്രസക്തവുമായ വിദ്യാഭ്യാസം നൽകുക’’ എന്ന മുദ്രാവാക്യവുമായി സ്ഥിരമായി മുന്നേറുകയും ചെയ്യുന്നു.

ഡോൺ ബോസ്കോ ഇരിഞ്ഞാലക്കുട എന്ന മഹത്തായ സ്ഥാപനം നാമ്പെടുത്തത് 1962 മാർച്ചിലാണ്. മൺമറഞ്ഞുപോയ തൃശ്ശൂർ ബിഷപ്പ് റൈറ്റ്.റവ.ജോർജ്ജ് ആലപ്പാട്ടിന്റെ ക്ഷണപ്രകാരം ഡോൺ ബോസ്കോ സലേഷ്യൻ പ്രൊവിൻഷ്യൽ ഫ.മെഡ് ഇവിടെ എത്തിച്ചേരുകയും പ്രദേശത്തെ യുവജനങ്ങളുടെ പ്രത്യേകിച്ചു ക്രിസ്ത്യൻ യുവജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു.അതേ വർഷം ഏപ്രിലിൽ ഫാ.മെഡ് അൺഎഡഡ് അംഗീകൃത ഹൈസ്കൂളിനുള്ള അപേക്ഷ തിരുവനന്ത പുരത്തെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു.

ഫാ. മെഡ് ഇരിജാലക്കുടയിൽ വന്നപ്പോൾ ഉദാരമതികളും ദീർഘവീക്ഷണവുമുള്ള ഒരു കൂട്ടം സഹകാരികൾ ആണ് ആണ് അദ്ദേഹത്തെ സ്വീകരിച്ചത്.ഈ സ്ഥാപനം ആർംഭിക്കുന്നതിനു വേണ്ടി ശ്രീ.കെ.എൽ ഫ്രാൻസിസ് നേതൃത്വം നൽകുകയും അന്നത്തെ മുൻസിപ്പൽ ചെയർമാൻ ശ്രീ.എം.പി കൊച്ചുദേവസ്സി ഈ പദ്ധതിയിൽ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.ഇരിഞ്ഞാലക്കുടയിലെ പ്രമുഖ പൗരന്മാരായിട്ടുള്ള ശ്രീ. പി വി ദേവസ്സി പൊക്കത്ത്, ടി ടി ജോൺ, ശ്രീ ലോനപ്പൻ തളിയത്ത്, ശ്രീ പൊട്ടക്കൽ ഇട്ടിക്കുരു, ശ്രീ എം സി പോൾ, ശ്രീ സി ഒ ജേക്കബ്, പരേതനായ ശ്രീ.കുരിയപ്പൻ കൊടു വളപ്പിൽ.ശ്രീ കെ പി ജോണി,സെന്റ് മേരിസ് പള്ളി വികാരി ഫ.ജോർജ്ജ് ചെറുപ്പണത്തു,പരേതനായ ഫ.ആന്റണി തെക്കിനിയത് അന്നത്തെ സ്ന്റ് ജോർജ്ജ് ദേവാലയം വികാരി എന്നിവർ ഇക്കാര്യത്തിൽ അതീവ താൽപര്യം പ്രകടിപ്പിച്ചു. ഈ ആദ്യ സഹകാരികളെ ഓർമ്മിപ്പിക്കാൻ ഞങ്ങൾ പിൻഗാമികളോട് കടപ്പെട്ടിരിക്കുന്നു.

1962 മെയ്–6ന് ഡോൺ ബോസ്കോ ഹൈസ്ക്കൂൾ സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളായി അനുവദിച്ചുവെന്ന സന്തോഷ വാർത്ത വന്നു.തുടക്കത്തിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലായിരുന്നെങ്കിലും ശ്രീ. എം.പി കൊച്ചുദേവസ്സിയുടെ ഔദാര്യത്താൽ പറമ്പിൽ ഷെഡ് സ്ഥാപിച്ച് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.സെന്റ് ജോർജ്ജ് പള്ളി ഫെറോന വികാരി ഫാ.അന്റണി തെക്കിനിയത് സ്കൂളിന്റെ ആശിർവാദകർമ്മം നിർവഹിച്ചു.ഫാ.ആൻഡ്രു ദുരൈരാജ് റെക്ടറായും ഹെഡ്മാസ്റ്ററായും കറസ്പോണ്ടന്റായും ചുമതലയേറ്റു.130 വിദ്യാർത്ഥികളും 4 അദ്ധ്യാപകരും ഉണ്ടായിരുന്നു.അച്ചൻമാരുടെ വിശുദ്ധ ബലിയർപ്പണത്തിനും താമസത്തിനുമായി ശ്രീ.കുഞ്ഞുവറീത് തളിയത്ത് സ്വന്തം ചിലവിൽ ഒരു വീട് സ്ഥാപിച്ചു.ജൂൺ 29 ന് സ്കൂളിന്റെ പരമോന്നത ഗുരുവായ യേശുവിന്റെ തിരു ഹൃദയത്തിനു വേണ്ടി സ്കൂൾ സമർപ്പിക്കപ്പെട്ടു. അന്ന് യു പി വിഭാഗവും എട്ടാം ക്ലാസ്സും അടങ്ങുന്നതായിരുന്നു . മാസാവസാനത്തോടെ ജീവനക്കാരുടെ എണ്ണം ഒമ്പതായി ഉയർന്നു.

ഒക്ടോബർ 11 ന് ക്ലാസ്സുകൾ ഷെഡിൽ നിന്നും ഇപ്പോഴുള്ള എൽ പി സ്കൂൾ കെട്ടിടത്തിലേയ്ക്ക് മാറ്റി.ഇരിഞ്ഞാലക്കടയിലെ സുമനസ്സുകളായ ജങ്ങൾ ഒത്തു ചേർന്നു 10000 രൂപ മുടക്കിയാണ്

പുതിയ കെട്ടിടം പണിതത്.റവ.ഫാ.ജോർജ്ജ് ചെറുപ്പണത്തു ഈ കെട്ടിടത്തിന്റെ ആശിർവാദ കർമ്മംനിർവാഹിച്ചു.1963 ജനുവരി 2 ന്ബോർഡിംഗ് സ്കൂൾ ആരംഭിച്ചു.റവ.ഫ പൂണോലിയുടെ റെക്ടർ ഷിപ്പിൽ പുതിയ ബോർഡിംഗ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.1970 ജനുവരി 31 ന് ഇതിന് തറക്കല്ലിടുകയും1971 മെയ് 27 –ന് മൂന്ന് നിലകളുള്ള കെട്ടിടം പൂർത്തികരിക്കുകയും റവ.ഡോ.ജോസഫ് കുണ്ടുകുളം ആശിർവദിക്കുകയും ചെയ്തു.160 വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കി.

2600 ലധികം വിദ്യാർത്ഥികൾക്ക് സേവനം നൽകുന്ന ഈ സ്കൂൾ 170 അംഗങ്ങളുള്ള സമർപ്പിതരും പ്രതിബദ്ധരുമായ അധ്യാപക – അനദ്ധ്യാപക ജീവനക്കാരുടെ സഹായത്തോടെ നമ്മുടെ പുരോഗമന കാലത്ത് ചിന്താഗതിക്കാരായ നേതാക്കളാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി വൈവിദ്ധ്യമാർന്ന വിദ്യാഭ്യാസ അനുഭവങ്ങൾ വാഗ്ദാനം ചെയ്യുന്നു.ഡോൺ ബോസ്കോ സ്കൂൾ നന്നായി വളര്ന്നു സർവ്വശക്തന്റെ അനുഗ്രഹത്താലും നിരവധി പേരുടെ പരിശ്രമത്താലും മികച്ച വിജയത്തോടേ വളർന്നുകൊണ്ടിരിക്കുന്നു.അക്കാദമിക് മേഖലക്കൊപ്പം സ്കൂൾ നന്നായി ആസൂത്രണം ചെയ്ത പാഠ്യേതരപ്രവർത്തനങ്ങളും നടത്തുന്നു. ബാസ്ക്കറ്റ്ബോൾ, ഹാൻഡ്ബോൾ, ഫുട്ബോൾ, ടേബിൾ, ടെന്നീസ്, ബാഡ്മിന്റൺ, നീന്തൽ, ക്രിക്കറ്റ്, അത്‌ലറ്റിക്സ്, കരാട്ടെ, സ്കേറ്റിംഗ് മുതലായവ കായിക വിനോദങ്ങളിലും ഗെയിമുകളിലും ഉൾപ്പെടുന്നു. സംഗീതം,ബാന്റ്, നൃത്തം,കല,കരകൌശല വസ്തുക്കൾ എന്നിവയും പതിവ് പാഠ്യപദ്ധ്യതയുടെ ഭാഗമാണ്.1987 ൽ നിർമ്മിച്ച അത്യാധുനിക ഇൻഡോർ സ്റ്റേഡിയവും 2016 ൽ ഒരു നീന്തൽക്കുളം സ്കൂളിലുണ്ട്.കുട്ടികളേ പതിവായി ഫീൽഡ് ട്രിപ്പുകൾക്കും വാർഷിക പിക്നിക്കിനും കൊണ്ടുപോകുന്നു.ജില്ലാ സംസ്ഥാന തല മത്സരങ്ങൾക്കും മറ്റും കുട്ടികളെ തയ്യാറാക്കുന്നു.സുസജ്ജമായ ശാസ്ത്രം ഗണിതം കമ്പ്യൂട്ടർ ലാബുകൾ, ലൈബ്രറി, ടീച്ചർ റിസോഴ്സ് സെന്റർ എന്നിവ വിദ്യാർത്ഥികൾക്ക് ഏത് വിഷയത്തെക്കുറിച്ചും ഗവേഷണം നടത്താനും ധാരാളം അവസരം നൽകുന്നു.ഡോൺ ബോസ്കോ സ്കൂൾ വർഷങ്ങളായി എസ് എസ് എൽ സി , പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയിട്ടുണ്ട്. ശ്രദ്ധാപൂർവ്വമായ ശ്രമങ്ങളിലൂടെ ഡോൺ ബോസ്കോ സ്കൂൾ വിദ്യാർത്ഥികൾക്കും സമൂഹത്തിനും വേണ്ടി ശോഭനമായ ഒരു നാളേക്കായി പ്രവർത്തിക്കുനുവെന്ന് ഉറപ്പാക്കുന്നു.

പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മകകഴിവുകളെ വികസിപ്പിക്കുവാൻ സഹായിക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂമുകളും പഠനോപകരണങ്ങളുമുണ്ട് വിവിധ വിഷയങ്ങളിൽ പ്രാഗൽഭ്യവും അർപ്പണ മനോഭാവവുമുള്ള അദ്ധ്യാപകർ ഇവിടെ സേവനം ചെയ്യുന്നു.

**ലക്ഷ്യം**

2025–26 അധ്യയന വർഷം വിദ്യാലയത്തെ അക്കാദമികവും ഭൗതികവുമായി വളർത്തുകയും വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുകയും സമൂഹത്തിന്റെ വളർച്ചയിൽ കൈത്താങ്ങാവാനും ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയാണ് ലക്ഷ്യം.

**പ്രവർത്തനങ്ങൾ**

ഓരോ പ്രവർത്തന പദ്ധതിക്കും ഓരോ അധ്യാപകരെ ഉത്തരവാദിത്വം ഏൽപിച്ച് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ സംബന്ധിതമായി പൂർത്തികരിക്കൻ ശ്രമിക്കുന്നു. പൊതുവായ വാർഷികപദ്ധതിയിൽ നിന്നും Monthly Plan ഉണ്ടാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

I. **അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ.**

1. Monthly test.കൾ കൃത്യമായി എല്ലാ മാസവും Time table അനുസരിച്ച് നടത്തുക.

2. Mid term Exam നടത്തുക.

3. Scheme of work അനുസരിച്ച്പാഠഭാഗങ്ങൾസമയബന്ധിതമായി പൂർത്തികരിക്കുക.

4. Science Lab, Cumputer lab എന്നിവ പാഠഭാഗങ്ങളായി ബന്ധിച്ച് പരമാവധി പൂർത്തീകരിക്കുക.

5. ഓരോ സ്റ്റാൻഡേർഡിനും പഠനയാത്രകൾ സംഘടിപ്പിക്കൽ.

6. Local resourceകൾ ഉപയോഗപ്പെടുത്തൽ

7.കുട്ടികളുടെ Note book കൾ ഓരോ പഠനത്തിനു ശേഷവും പരിശോധിക്കുകയും രക്ഷിതാക്കളും പ്രധാന അദ്ധ്യാപകനും പരിശോധിക്കുന്നു..പദ്ധതി വർഷം കാര്യക്ഷമായി നടപ്പിലാക്കുന്നു.

II. **കുട്ടികളിൽ വായന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

1. ക്ലാസ് മുറികളിൽ വായന മൂല ഒരുക്കുന്നു.

2. ഒഴിവു സമയങ്ങളിൽ ഇതിൽനിന്നും പുസ്തകങ്ങൾ എടുത്ത് വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു..

3. Library period കളിൽ ന്യൂസ്പേപ്പർ വായിക്കാനും അതിനെ അടിസ്ഥാനമാക്കി ക്വിസ്സ് നടത്തുകയും ചെയ്യുന്നു.

4.കുട്ടികളുടെ ജന്മദിനത്തിൽ താൽപര്യമുള്ളവർക്ക് School ലേയ്ക്ക് പുസ്തകം കൊടുക്കാമെന്നും തിരുമാനിക്കുന്നു.

## III. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ വളർത്തൽ

ചിത്ര രചന, സംഗീതം, നൃത്തം, കരാട്ടെ, അത്‌ലറ്റിക്സ്, ഫുട്ബോൾ, ചെസ്സ്, സ്കേറ്റിംഗ്, ടേബിൾ ടെന്നീസ്, കളരി, യോഗ, നീന്തൽ എന്നിവയിൽ എല്ലാ വെള്ളിയാഴ്ചകളിലും പരിശീലനം നൽകി വരുന്നു..

## IV. പരിസ്ഥിതി ദിനാചരണം

യു.പി ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വിത്തു വിതരണവും പച്ചക്കറിത്തോട്ട നിർമ്മാണം എന്നിവ നടത്തിവരുന്നു..

## V. കാരുണ്യപ്രവർത്തനങ്ങൾ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമൂഹത്തിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും കൈതാങ്ങ് എന്ന നിലയിൽ വീട്ടിലേയ്ക്ക് ആവശ്യമായ പലവ്യഞ്ജനങ്ങളും പണവും സ്വരൂപിച്ച് നൽകുന്നു..

## VI. ഭവന സന്ദർശനം

അദ്ധ്യാപകർ വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് മാതാപിതാക്കളും കു ട്ടികളുമായി അടുപ്പം നിലനിർത്താനും പഠനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും കുടുംബസ്ഥിതികൾ മനസ്സിലാക്കാനും തിരുമാനിച്ചു നടപ്പിലാക്കേണ്ടത്

## VII. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ ശാക്തീകരിക്കൽ

ഇതിനായി 5,6,7,8,9 ക്ലാസ്സുകളിലെ .കുട്ടികൾക്ക്(പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക്) പ്രത്യേകം പരിശീലനം നൽകിവരുന്നു.

## VIII. കായികപ്രവർത്തനങ്ങൾക്കും പരിശീലനം

കായികാദ്ധ്യാപകന്റെ നേതൃത്വത്തിൽ വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് നൽകുന്ന പരിശീലനം Local Resources ഉപയോഗിച്ചും വിദഗ്ദരായ പരിശീലകരുടെ സേവനം സ്വീകരിച്ചും നടപ്പിലാക്കേണ്ടത്.

IX. **കലാ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം**

നൃത്താധ്യാപികയുടെ നേതൃത്വത്തിൽ വിവിധ കലകളിൽ നൽകുന്ന പരിശീലന പദ്ധതി.

X. കലോത്സവത്തിനു പുറമെ കുട്ടികളുടെ കലാപരമായ കഴിവ് പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.

വിദ്യാലയത്തിലെ ജനാധിപത്യ വേദികൾ തികച്ചും ജനാധിപത്യ മാതൃകയിൽ ഇലക്ഷൻ നടത്തി സ്കൂൾ ലീഡറേയും 4 House Leaders നെയും Magazine Editor യും തെരഞ്ഞെടുക്കുന്നു. മാസത്തിലൊരിക്കലെങ്കിലും Meeting വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.

XI. **ദിനാചരണങ്ങൾ**

ഒരോമാസത്തേയും ദിനാചരണങ്ങൾ ഒരോ സ്റ്റൻഡേർഡിലെ അധ്യാപകർ ക്രോഡീകരിച്ച S.R.G യിൽ അവതരിപ്പിക്കുന്നു. അതാത് മാസത്തിലെ ദിനാചരണങ്ങൾക്ക് അതാത് സ്റ്റാൻഡേർഡിലെ അധ്യാപകരും വിദ്യാർത്ഥികളും നേതൃത്വം നൽകുന്നു.

**മോണിറ്ററിംഗ് സമിതി**

പ്രധാന അധ്യാപകൻ, സ്റ്റാഫ് സെക്രട്ടറി,സ്റ്റാഫ് കോർഡിനേറ്റർ PTA പ്രസിഡന്റ് എന്നിവരുൾപ്പെടുന്ന സമിതി സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകയും അവലോകനം നടത്തുകയും ചെയ്യുന്നു.

**ഗ്രന്ഥശാല** – പ്രകൃതിരമണിയവും സ്ഥലവിസ്താരവുമുള്ള ഏറെ ആകർഷകവുമായ ഒരു ക്യാമ്പസ് സ്കൂളിലുണ്ട്.കുട്ടികളിലെ വായനാശീലം വളർത്തുന്നതിന് സഹായകമായ ഒരു വലിയ വായനശാല ഇവിടെയുണ്ട.

**ലാബ് സൗകര്യം** – ഒരേ സമയം അൻപതില്പരം വിദ്യാർത്ഥികൾക്ക് പഠനം നടത്തുവാൻ സൗകര്യമുള്ള കമ്പ്യൂട്ടർ ലാബും സയൻസ് വിഭാഗത്തിനായി ബോട്ടണി, സുവോളജി, ഫിസിക്സ്,കെമിസ്ട്രി എന്നിങ്ങനെ പ്രത്യേകം സജ്ജീകൃതമായ ലാബുകളുമുണ്ട്. കൂടാതെ മാത്സ് ലാബ്,സോഷ്യൽ സയൻസ് ലാബ്,ആർട്സ് ലാബ് എന്നീ സൗകര്യങ്ങളും ഇവിടെ ഉണ്ട്.

കുട്ടികളുടെ അനായാസമുള്ള ചലനത്തെ സഹായിക്കുന്ന തരത്തിലുള്ള വിസ്തൃതമായ വരാന്തകളും കോണിപ്പടികളും ലിഫ്റ്റ് സൌകര്യവുമുണ്ട് തീപിടുത്തം നിയന്ത്രിക്കുന്നതിന് അഗ്നിശമന ഉപകരണങ്ങളും സ്കൂൾകെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**കായിക സൗകര്യം** – കുട്ടികളുടെ കായികശേഷി വികസിപ്പിക്കുന്നതിന് സഹായകമായി 3 ബാസ്കറ്റ് ബോൾ കോർട്ടും ഒരു ഹാൻഡ് ബോൾ കോർട്ടും 2 പ്ലെയ്ഗ്രൗണ്ടും ഉണ്ട്. ഷട്ടിൽ കോർട്ടും ബാസ്ക്കറ്റ് ബോൾ കോർട്ടും ടേബിൾ ടെന്നിസ് റൂം,ഫിറ്റ്നസ് ജിം സെന്ററും,അതിനൂതനാമായ രീതിയിൽ സജ്ജീകരിച്ചിട്ടുള്ള സ്റ്റെയ്ജും 1200 ഓളം പേർക്ക് ഇരിക്കുവാൻ സൗകര്യമുള്ള സിൽവർ ജൂബിലി ഇൻഡോർ സ്റ്റേഡിയം ഇവിടെയുണ്ട്.നീന്തൽ പരിശീലനത്തിനായി 3400 ചതുരശ്ര അടി വലിപ്പമുള്ള നീന്തൽ കുളവും അതിനോടനു ബന്ധിച്ചുള്ള മറ്റു സൗകര്യങ്ങളും ഉൾക്കൊള്ളുന്ന അക്വാട്ടിക് കോപ്ലക്സ് ഇവിടെയുണ്ട്.

കുടിവെള്ളവും മറ്റാവശ്യങ്ങൾക്കുമുള്ള വെള്ളം ലഭിക്കുന്നതിനായി ഒരു കുഴൽ കിണറും മഴവെള്ള സംഭരണിയും ശുദ്ധജലം സംഭരിക്കുന്നതിനുള്ള ഫിൽറ്ററും ടാങ്കും ഉണ്ട്. കുട്ടികൾക്കു ആത്മീയുണർവ് നല്കാനുതകുന്ന ഒരു പ്രാർത്ഥനാലയം ഐശ്വര്യമായി നിലകൊള്ളുന്നു

**സ്കൂൾ ഗതാഗതം** – എല്ലാ പ്രധാന റൂട്ടുകളിലും സ്കൂളിലേക്കും തിരിച്ചും സ്കൂൾ ഗതാഗതം ലഭ്യമാണ്

**ഇന്ററാക്ടീവ് ക്ലാസ്സ് റൂം** – ഗണിതം സയൻസ്,സോഷ്യൽ സയൻസ്,ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളുടെ അധ്യാപനത്തിലും പഠനത്തിലും വിപ്ലവം സൃഷ്ടിക്കുന്ന ഒരു സമ്പൂർണ്ണ സാങ്കേതിക വിദ്യ പ്രാപ്തമാക്കിയ ക്ലാസ്സ് റൂം പരിഹാരമാണിത്. വിഷ്വൽ മാർഗ്ഗങ്ങൾ ഉപയോഗിച്ച് അധ്യാപന പ്രക്രിയ സംവേദനാത്മകവും ആകർഷകവുമാക്കാൻ മാത്രമല്ല അധ്യാപകനെ അനുവദിക്കുന്ന സമഗ്രമായ ക്ലാസ്സ് റൂം പരിഹാരമാണിത്.ഇത് അമൂർത്തവും കടുപ്പമേറിയതുമായ ആശയങ്ങൾ ജീവിതത്തിലേക്ക് കോണ്ടുവരികയും അവ മനസ്സിലാക്കാൻ എളുപ്പമാക്കുകയും ചെയ്യുന്നു.

**കരിയർ ഗൈഡൻസ് സെമിനാർ** – ഹയർ സെക്കന്ററി വിദ്യാർത്ഥികൽക്കായി കരിയർ ഗൈഡൻസ് സെമിനാർ എല്ലാ വർഷവും സംഘടിപ്പിക്കാറുണ്ട്.പ്രഗൽഭ കരിയർ ഗുരുക്കന്മാരായ ശ്രീ ബി എസ് വാര്യർ, ഡോ.ബി ആർ വെങ്കിട്ടരാമൻ എന്നിവരാണ് സെമിനാറുകൾക്കു നേതൃത്വം നൽകുന്നത്.കുട്ടികൾക്ക് ദിശാ ബോധവും ഭാവി ജീവിതത്തിലേക്കുള്ള വഴികാട്ടിയുമായി ഈ സെമിനാറുകൾ സഹായകമാകാറുണ്ട്.



**അക്ഷര യാത്ര**

വിദ്യാർത്ഥികളിൽ മാതൃഭാഷ സാഹിത്യത്തിൽ താൽപര്യം സൃഷ്ടിക്കുന്നതിനായി കേരളം സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചു സ്കൂളിൽ അക്ഷര യാത്ര നടത്തി.സാഹിത്യകാരനും ബാലസഭ സമിതി അംഗവുമായ ശ്രീ സി ആർ ദാസ് പർപാടി ഉത്ഘാടനം ചെയ്തു.




അക്ഷര യാത്ര

**അഗ്നി സുരക്ഷ ബോധവത്കരണ ക്ലാസ്സ്**

ഫയർ സേഫ്റ്റി ആൻഡ് റെസ്ക്യൂ ഓഫീസർ ശ്രീ.വെങ്കിട്ടരാമന്റെ നേതൃത്വത്തിൽ അഗ്നിസുരക്ഷ ബോധവത്ക്കരണ ക്ലാസ്സ് കുട്ടികൾക്കായി നടത്തപ്പെട്ടു.അനുദിന ജീവിതത്തിലെ അഗ്നിമൂലമുണ്ടാകുന്ന അപകടങ്ങളെ തരണം ചെയ്യാൻ ഉതകും വിധത്തിലുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു.



**ഫയർ സേഫ്റ്റി**

**ആത്മീയ ബോധവത്കരണ ക്ലാസ്സ്**

ആത്മീയ ബോധവത്കരണ ക്ലാസ് കുട്ടികളുടെ ആത്മീയ വളർച്ചക്കും മൂല്യബോധം വളർത്തുന്നതിനും സഹായകമായ ബോധവത്കരണ ക്ലാസ്സുകൾ ,ധ്യാനപരിപാടികളും എല്ലാ വർഷവും നടത്തപ്പെടാറുണ്ട്.



**ഓർഫൻസ് ഡേ**

ഓർഫൻസ് ഡേ എല്ലാ നവംബർ മാസങ്ങളീലും ഓർഫൻസ് ഡേ കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് സ്കൂളിൽ അഘോഷിക്കാറുണ്ട്.മാതാപിതാക്കൾ നഷ്ടപ്പെട്ട ബാല്യങ്ങള്ക്ക സ്നേഹവും പരിഗണനയും സഹായഹസ്തവും നൽകുന്ന ഈ പരിപാടിയിൽ ഏകദേശം 300 ഓളം വരുന്ന കുട്ടികൾ പങ്കെടുക്കാറുണ്ട്. അന്നേ ദിവസം അവർക്കു സ്നേഹ വിരുന്നും, കലാപരിപാടികളൂം സംഘടിപ്പിക്കാറുണ്ട്.



**ഉപസംഹാരം**

വിദ്യാർത്ഥികളുടെ സമഗ്രവളർച്ചക്കായി ഒരുക്കിയതാണ് ഈ വർഷത്തെ മാസ്റ്റർ പ്ലാൻ പാഠ്യപാഠ്യേതരരംഗങ്ങളിൽ കുട്ടികളുടേ കഴിവികളെ മെച്ചപ്പെടുത്താൻ ഇതിന് സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ് ഭൗതിക സാഹചര്യങ്ങളൂടേ നവീകരണം പുത്തനുണർവ് നല്കുമെന്ന് ഉറപ്പാണ്.സമൂഹത്തിനുള്ളിൽ നിന്നുകൊണ്ട് സമൂഹത്തിനായി പ്രവർത്തിക്കാളള കരുത്തും വിദ്യാലയം ഇതിലൂടെ നേടുമെന്നതിൽ സംശയമില്ല. അദ്ധ്യാപകരുടേയും രക്ഷിതാക്കളുടെയും കുട്ടികളുടേയും പൊതുസമൂഹത്തിന്റേയും വിദ്യാസവകുപ്പിന്റേയും സഹായസകരണത്തോടേ ഈ അക്കാദമിക മാസ്റ്റർപ്ലാൻ വിഭാവനം ചെയ്തവയെല്ലാം സമയ ബന്ധിതമായി പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.